ഉത്തരം

(എ) 18.4.1998 - ൽ

(ബി)&(സി) സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമായാലുടൻ പണി ആരംഭിക്കുന്നതാണ്.

(ഡി)(ഇ),(എഫ്)&(ജി) ഇല്ല. ഹൈക്കോടതിയിൽ നിന്നും 19.7.1999-ൽ സ്റ്റേ ഉത്തരവായിട്ടുണ്ട്. സ്റ്റേ നീക്കിക്കിട്ടുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) സ്ഥലം ലഭ്യമായാൽ എത്രയും വേഗം സബ് സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്.

65 (1913) കണ്ടനാട് 110 കെ.വി. സബ്സ്റ്റേഷൻ

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഉദയംപേരൂരിൽപ്പെട്ട കണ്ടനാട് എന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സബ്സ്റ്റേഷൻ കൊണ്ട് ഏതെല്ലാം പ്രദേശങ്ങൾക്കാണ് പ്രയോജനം ലഭിക്കുകയെന്ന് വെളിപ്പെടുത്തുമോ;

(സി) വൈദ്യുതി ബോർഡ് ഇതിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകിയതെന്നാണ്;

(ഡി) എന്തു തുകയാണ് മൊത്തം അക്വിസിഷനുവേണ്ടി ചെലവ് കണക്കാക്കിയിരുന്നത്;

(ഇ) അക്വിസിഷൻ പൂർത്തിയായോ; എങ്കിൽ എന്തുതുക ഇതിന് മാത്രമായി ചെലവാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ എന്തുതുക ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) അക്വയർ ചെയ്യുന്ന സ്ഥലം അഡ്വാൻസ് പോസഷനിൽ എടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ജി) സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ചോ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(എച്ച്) ബോർഡ് ഈ ആവശ്യത്തിലേയ്ക്കായി നടപ്പുവർഷം എന്തുതുക വകയിരുത്തിയിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 27.11.1995 -ൽ

(ബി) ഉദയംപേരൂർ, മുളംതുരുത്തി, കണ്ടനാട് അമ്പലമുകൾ എന്നീ പ്രദേശങ്ങൾ.

(സി) 1.7.1995-ൽ

(ഡി) 26 ലക്ഷം രൂപ കണക്കാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല. ഇതുവരെ തുകയൊന്നു ചെലവായിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ചെലവിന്റെ കൃത്യമായ കണക്ക് അറിയാനാവുകയുള്ളൂ.

(എഫ്)ഇല്ല.

(ജി) ഇല്ല. സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാലുടനെ നിർമ്മാണം ആരംഭിക്കുന്നതാണ്.

(എച്ച്) 1999- 2000 സാമ്പത്തിക വർഷം ബജറ്റിൽ ഒരു ലക്ഷം രൂപയും സപ്ളിമെന്ററി ബഡ്ജറ്റിൽ എൺപതു ലക്ഷം രൂപയും ബോർഡ് വകയിരുത്തിയിട്ടുണ്ട്.

66 (1914) കടയ്ക്കൽ സബ് സ്റ്റേഷൻ

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ അനുവദിച്ചിട്ടുള്ള 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായുള്ള സ്ഥലം ഏറ്റെടുത്തുകഴിഞ്ഞുവോ;

(സി) സ്ഥലം ഏറ്റെടുത്ത് എന്നേക്ക് സബ്സ്റ്റേഷന്റെ ഉദ്ഘാടനം ആരംഭിക്കും എന്നറിയിക്കാമോ;

(ഡി) സബ്സ്റ്റേഷന്റെ പ്രവർത്തനം എന്ന് ആരംഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)കടയ്ക്കലിൽ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(സി)&(ഡി) സ്ഥലമേറ്റെടുത്ത് ആറുമാസത്തിനകം സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

67 (1915) അയർകുന്നത്ത് പുതിയ സബ്സ്റ്റേഷൻ

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അയർകുന്നത്ത് പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സബ്സ്റ്റേഷൻ പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ അയർകുന്നത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly